# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3813** **21.06.2019-ൽ മറുപടിക്ക്**

### പെർഫോമൻസ് ബഡ്ജറ്റ്

| **ചോദ്യം**<br>**ശ്രീ.കെ.സി. ജോസഫ്** | **ഉത്തരം**<br>**ഡോ. തോമസ് ഐസക്**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| **എ).** സർക്കാർ വകുപ്പുകളുടെ പെർഫോമൻസ് ബഡ്ജറ്റ് തയ്യാറാക്കുവാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; ഏതൊക്കെ വകുപ്പുകളുടെ പെർഫോമൻസ് ബഡ്ജറ്റാണ് തയ്യാറാക്കുന്നത് ; | 23.05.2019 -ലെ സർക്കുലർ നം. 52/2019/ധന പ്രകാരം കാർഷികവികസന കർഷകക്ഷേമം, വനം വന്യജീവി, ജലവിഭവം എന്നീ വകുപ്പുകളിൽ 2018-19 -ലെ പെർഫോമൻസ് ബഡ്ജറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് |
| **ബി).** പ്രസ്തുത ബഡ്ജറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് അറിയിക്കുമോ ; | മുൻ സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതിയും ധനവിനിയോഗത്തിന്റെ കാര്യക്ഷമതയും പരിശോധിച്ച് ഉറപ്പ് വരുത്തുക എന്നതാണ് പെർഫോമൻസ് ബഡ്ജറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| **സി).** ഇതുകൊണ്ട് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിക്കുമോ ; വ്യക്തമാക്കുമോ ? | പെർഫോമൻസ് ബഡ്ജറ്റിംഗ് സമയത്ത് നടത്തുന്ന പരിശോധനകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത്/പ്രാവർത്തികമാക്കുന്നതുവഴി അതാത് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**